LIBRARY ARCHIVES Kerala Legislative Assembly

2021-22 അക്കാദമിക വർഷത്തിലെ ഡിജിറ്റൽ ക്ലാസുകൾ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കൂടുതൽ ആകർഷകവും രസകരവും ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി ആഗ്മെന്റഡ് റിയാലിറ്റി, നിർമ്മിതബുദ്ധി തുടങ്ങിയ നൂതന സാങ്കേതിക വിദ്യകളുടെ സാധ്യത പ്രയോജനപ്പെടുത്തുന്നതാണ്. കൂടാതെ കുട്ടികൾക്കാവശ്യമായ മോട്ടിവേഷൻ ക്ലാസുകൾ നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

സ്കൂൾ പ്രവേശനവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ സന്ദേശം

144 (893) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പ്രവേശനവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ സന്ദേശം ജൂൺ 1-ന് മുമ്പ് ഒന്നാം ക്ലാസ്സിൽ ചേരുന്ന എല്ലാ വിദ്യാർത്ഥികളുടെയും വീടുകളിൽ അദ്ധ്യാപകർ നേരിട്ട് എത്തിക്കണമെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ?

സ്കൂൾ പ്രവേശനവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ സന്ദേശം ജൂൺ 1-ന മുൻപ് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ബി.ആർ.സി.-കളുടെ സഹകരണത്തോടെ എല്ലാ സ്കൂളുകളിലും എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും പ്രഥമാധ്യാപകർ, പി.റ്റി.എ., എസ്.എം.സി., അദ്ധ്യാപകർ, സന്നദ്ധപ്രവർത്തകർ എന്നിവർ മുഖേന വാർഡ് മെമ്പർമാരുടെ സഹകരണത്തോടെ കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ടും മറ്റ് ജാഗ്രതാ നിർദ്ദേശങ്ങൾ അനുസരിച്ചുകൊണ്ടും കുട്ടികൾക്ക് എത്തിച്ചു കൊടുക്കണമെന്നും അറിയിച്ചുകൊണ്ട് 29-5-2021 തീയതിയായി പൊതു വിദ്യാഭ്യാസ ഡയറക്ടർ കത്ത് നൽകിയിരുന്നു.

(ബി) കോവിഡ് വ്യാപനം അതിരൂക്ഷമാവുകയും മരണനിരക്ക് ദിനംപ്രതി വർദ്ധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത കാര്യത്തിനുവേണ്ടി അദ്ധ്യാപകരെ നിയോഗിക്കുന്നത് അവരുടെ സുരക്ഷയെ തന്നെ ബാധിക്കുന്ന സാഹചര്യം ഉണ്ടാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ബഹു. മുഖ്യമന്ത്രിയുടെ സന്ദേശം കുട്ടികളുടെ വീടുകളിൽ അദ്ധ്യാപകർ നേരിട്ട് എത്തിക്കേണ്ടതില്ലെന്നും പകരം ടെക്സ്റ്റ് ബുക്ക്, സ്കൂൾ യൂണിഫോം എന്നിവ വിതരണം ചെയ്യുന്ന അവസരത്തിലോ അല്ലെങ്കിൽ തപാൽ മാർഗ്ഗം കുട്ടികളുടെ വീടുകളിലേയ്ക്ക് അയയ്ക്കുന്നതിനോ ഉള്ള നടപടി സ്വീകരിക്കേണ്ടതാണെന്ന് സ്കൂളുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) 2017-ൽ മുഖ്യമന്ത്രിയുടെ ക്ലീൻ കേരള പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ സ്കൂൾ വിദ്യാർത്ഥികൾക്കും കത്ത് അയച്ചിരുന്നോ; പ്രസ്തുത കാര്യത്തിനായി എത്ര തുകയാണ് ചെലവഴിച്ചത്; അറിയിക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.